പണിതീരാതെ കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ

41 [3181] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, എം. പി. ഗംഗാധരൻ:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണി പൂർത്തീകരിക്കാത്ത ഏതെല്ലാം വൻകിട ജലസേചന പദ്ധതികളുണ്ട്;

(ബി) പ്രസ്തുത ഓരോ പദ്ധതിക്കും വേണ്ടി നാളിതുവരെ എന്തു തുക ചെലവാക്കിയെന്നും, ഇവയുടെ യഥാർത്ഥ എസ്റ്റിമേറ്റ് എത്രയെന്നും വിവരിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) ഈ പദ്ധതികളുടെ പണി എത്ര ശതമാനം വീതം പൂർത്തിയായിട്ടുണ്ട്;

(ഡി) ഏതെങ്കിലും പദ്ധതിയുടെ പണി നിർത്തിവയ്ക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ—സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഉദ്ദേശിക്കുന്നില്ല.

ജലസേചന വകുപ്പിലെ ജീവനക്കാർ വിഭാവനം ചെയ്ത ജലവിതരണ പദ്ധതികൾ

42 [3182] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, അടൂർ പ്രകാശ്:
,, ടി. എച്ച്. മുസ്തഫ:
,, കെ. സി. ജോസഫ്:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗങ്ങളിൽ എത്ര ജീവനക്കാരാണുള്ളത്;

(സി) ഇവർക്കുവേണ്ടി വർഷംതോറും എന്തു തുക ചെലവഴിക്കുന്നുണ്ട്;

(ഡി) 2000-2001, 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ഡിസൈൻ വിംഗ് എത്ര ഡിസൈനുകൾക്ക് രൂപകൽപ്പന ചെയ്തിട്ടുണ്ട്;

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കാലഘട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ വിഭാഗം എത്ര പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി;

(എഫ്) ഈ കാലഘട്ടത്തിൽ രൂപകൽപ്പന ചെയ്ത ഡിസൈനും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷനും അനുസരിച്ച് എത്ര ജലവിതരണ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡിസൈൻ വിഭാഗത്തിൽ 371 ജീവനക്കാരും ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിൽ 774 ജീവനക്കാരും ഉണ്ട്.

(സി) 10,59,37,883 രൂപ

(ഡി) 2000-2001-ൽ 19, 2001-2002-ൽ 28, 2002-2003-ൽ 33 ഡിസൈനുകളും രൂപകൽപ്പന ചെയ്തിട്ടുണ്ട്.

(ഇ) 13 പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. 12 ചെക്കുഡാമുകളുടെ ജോലികൾ പൂർത്തിയാക്കി.

(എഫ്) ഇടത്തര/വൻകിട ജലസേചന പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല.

ചടയൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

43 [3183] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽ വിളയൂർ ഗ്രാമ പഞ്ചായത്തിലെ ചടയൻപാറയിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003-04 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly